# ദൈവ കരുണയുടെ നൊവേനയും വാഗ്ദാനങ്ങളും

പിറ്റേ ദിവസം രാവിലെ ചാപ്പലിൽ പ്രവേശിച്ചപ്പോൾ, ആന്തരാത്മാവിൽ ഞാൻ ഇപ്രകാരം കേട്ടു. ഓരോ പ്രാവശ്യം നീ ചാപ്പലിൽ പ്രവേശിക്കുമ്പോൾ , ഇന്നലെ ഞാൻ നിന്നെ പഠിപ്പിച്ച പ്രാർഥന ചൊല്ലുക. ആ പ്രാർഥന ചൊല്ലിയപ്പോൾ, ആത്മാവിൽ ഞാൻ ഇങ്ങനെ കേട്ടു. **ഈ പ്രാർഥന എന്റെ ക്രോധത്തെ ശമിപ്പിക്കുന്നു.** താഴെ പറയുന്ന രീതിയിൽ, ജപമാല ഉപോയഗിച്ച് ,ഇത് ഒമ്പത് ദിവസം ചൊല്ലുക: ആദ്യമായി ഒരു സ്വർഗ്ഗസ്ഥനായ പിതാവും, ഒരു നന്മ നിറഞ്ഞ മറിയവും. ഒരു വിശ്വാസ പ്രമാണവും ചൊല്ലണം. പിന്നിട് സ്വർഗ്ഗപിതാവിന്റെ സ്ഥാനത്ത് താഴെ പറയുന്ന ജപം ചൊല്ലുക: '' നിത്യ പിതാവേ, ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപ പരിഹാരത്തിനായി അങ്ങയുടെ ഏറ്റം വത്സല സുതനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ തിരുശ്ശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു.'' നന്മ നിറഞ്ഞ മറിയത്തിന്റെ സ്ഥാനത്ത് ഇപ്രകാരം ചൊല്ലുക:'' ഈശോയുടെ അതിദാരുണമായ പീഡാസഹനത്തെപ്രതി ഞങ്ങളുടെ മേലും ലോകം മുഴുവന്റെ മേലും കരുണയായിരിക്കണമേ.'' അവസാനം മൂന്നു പ്രാവശ്യം ഇപ്രകാരം ആവർത്തിക്കുക:''പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെ മേലും, ലോകംമുഴുവന്റെ മേലും കരുണയായിരിക്കണമേ.''

(വി.ഫൗസ്റ്റീനയുടെ ഡയറി, ഖണ്ഡിക 476)

''കരുണയുടെ നൊവേന വഴിയായി ആത്മാക്കളിലേക്ക് എല്ലാവിധ കൃപാവരങ്ങളും ഞാൻ ഒഴുക്കും.''

(ഖണ്ഡിക 796)

